

P M S A P T H S S
KAKKOVE
little KITEs
CLICK
DIGITAL MAGAZINE
PMSAPTHSS
KAKKOVE



വിവര സാങ്കേതിക വിദ്യയുടെ നൂതന സാധ്യതകളെക്കുറിച്ച് അടുത്തറയുവാനും പഠനത്തിന്റെ ഭാഗമായി അത് പ്രയോജനപ്പെടുത്താനും ശ്രമിക്കുന്ന കക്കോവ് പി.എം.എസ്. എ.പി.ടി ഹയർ സെക്കൻഡറി സ്കൂൾ "ലിറ്റിൽകൈറ്റ്സ്" ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് സർവ്വവിധ ഭാവുകങ്ങളും നേരുന്നു

പി.കെ.സി.അബ്ദുറഹമാൻ
ഹെഡ്മാസ്റ്റർ



Hearty congratulation on the team who stick together for the releasing the digital magazine of our school  It is a tremendous step that has never taken so far.

T.K. Sunil

SRG Convener



ആധുനിക കമ്പ്യൂട്ടർ പഠന മേഖലയിൽ കുട്ടിക്കൂട്ടമായ് വളർന്ന് പുതിയ സാങ്കേതിക വിദ്യയിലൂടെ പഠനം രസകരമാക്കുകയും,വിദ്യാലയത്തിലെ മികവ് മുഹൂർത്തങ്ങൾ ഒപ്പിയെടുത്ത് ഡിജിറ്റൽ മാഗസിനിൻ ഒരുക്കുകയും ചെയ്യുന്ന കക്കോവ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സിനെ എല്ലാ ഭാവങ്ങളും നേരുന്നു.

സാംസൺ എസ്

സീനിയർ ടീച്ചർ



സാങ്കേതികവിദ്യ പാരമ്യത്തിലെത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ കക്കോവ് പി.എം.എസ്.എ.പി.ടി. ഹയർസെകണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ് അംഗങ്ങൾ ആരംഭിക്കുന്ന ഡിജിറ്റൽ മാഗസിന്ന എന്ന പുത്തൻ ആശയം എന്തുകൊണ്ടും അനിവാര്യമായഒരുചുവടുവെപ്പാണ്സർഗ്ഗശക്തിയും,അറിവും,ആശയവും

യുക്തിയും പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്താൽ അവതരിപ്പിക്കുന്ന ഈ സംരഭം ക്ലബ് അംഗങ്ങൾക്കും മറ്റ് വിദ്യാർത്ഥികൾക്കും ഗുണപരമായമാറ്റവുംപുത്തനൂർജ്ജവുംനൽകുന്ന ഒന്നായിമാറട്ടെ എന്ന് ആശംസിക്കുന്നു.

ഷാജ്.എസ്.എൻ.
(സ്റ്റാഫ് സെക്രട്ടറി)

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | : P.K.C ABDURAHIMAN (H.M) |
| സബ് എഡിറ്റർ | : SANDEEP .U |
| | : FASIYA .E |
| സ്റ്റുഡന്റ് എഡിറ്റർ | : MUHAMMED NIYAS PT |
| ബോർഡ് അംഗങ്ങൾ | : ADARSH. K.P |
| | : VAISHNAV . P |
| | : DHEERAJ . K |
| കവർ ഡിസൈൻ | : SALMAN FARIS. K |
| | : SREEKALA T ( IT TEACHER ) |
| ടൈപ്പിങ് | :AKSHAY VP |
| | :ABHINAV M VAS |
| | : NIRANJAN C |

## ഉള്ളടക്കം


ഓർമ്മയ്ക്കായ്..........................................................................

ബാക്കിയായത്......................................................................

മലയാളം ശ്രേഷ്ഠഭാഷാ പദവി നേടുമ്പോൾ നാം ചെയ്യേണ്ടത്.........

ഓർമ്മ...................................................................................

Pigeon of Peace..............................................................

പറയാതെ പടിയിറങ്ങിപ്പോയ ദിനങ്ങൾ.......................................

കണ്ണീരിൽ കുതിർന്ന സമ്മാനം....................................................

ബാക്കിയായത്......................................................................

കലാലയം..............................................................................

ചൂളം....................................................................................

GAME OVER.....................................................................

# SCHOOL PHOTOS







# Little kites

## അംഗങ്ങൾ





# പ്രവേശനോത്സവം


WELCOME
PMSAPTHSS
CLASS ROOM LAYOUT
പ്രവേശനോത്സവം
2018-19


അക്കാദമിക മികവ്, വിദ്യാലയ മികവ്
പ്രവേശനോത്സവം
2018-19


ചരിത്ര വിജയവുമായി
കക്കോവ് PMSAPT ഹയർസെക്കണ്ടറി സ്കൂൾ
SSLC 2018 MARCH 434 435
99.8%
SSLC FULL A+ 33
FULL A+ നേടിയവർ
SSLC 9 A+ 28
AKSHAYA.A
ANJANA.E
NEHA.P.C
SNEHA.C.P
APARNA SREEDEVI M.P
ASWATHI.P
HARSHINA.T
MUFSILA.P.E
ARDRA.P.K
DEVIKA.K
DIYA SURESH
FATHIMA RIFA.C.K
FIDA FARHA.M
HRIDYA RAJ M.P
SIKHA.N
SREENILA.V.P
ANAGHA.E.C
ARATHI.K
ATHIRA.K
FIDAFAIZA.K.N
MAHSIN YASMIN
NARJISHA.K
NUFLA.K.N
SAJASHERIN.K.V
SHIFA.K.P
NAJIYA SHANA.C
ABHINAV.M.E
SANAL.T.M
SANJAY KRISHNA.P
VISHNU PRASAD.P.V
MOHAMMED SHENIL.V.P
MOHAMMED FADIL.K.P
NIHAL.P.A
വിജയികൾക്ക് അഭിനന്ദനങ്ങൾ
STAFF, PTA & MANAGEMENT
ഇംഗ്ലീഷ് മീഡിയം 100% വിജയം


PMSAPTHSS KAKKOVE
+2 SCIENCE
99.2 % വിജയം
38 FULL A+
+2 COMMERCE
100 % വിജയം
2 FULL A+
+2 HUMANITIES
91.2 % വിജയം
2 FULL A+
എല്ലാ വിഷയങ്ങളിലും A+ നേടിയവർ
SCIENCE
COMMERCE
HUMANITIES
രണ്ട് സയൻസ് ബാച്ചുകളിൽ നിന്നും 38 FULL A+ നേടി ജില്ലയിലെ മികച്ച വിദ്യാലയം
വിജയികൾക്ക് അഭിനന്ദനങ്ങൾ...
PTA,STAFF & MANAGEMENT



# ഓർമ്മയ്ക്കായ്

വിദ്യശ്രീ.പി വി

മഴവില്ല് പോലെന്റെ മനതാരിലറിയാതെ
വിടരുന്നു ഞാനറിയാതെ മറയുന്നു.
അന്നുമെൻ കൈപിടിച്ചെന്തോ മൊഴിഞ്ഞതായ്
ഓർക്കുന്നു ഞാനിന്നുമേകയായ് കേഴുന്നു.
അക്ഷരമുറ്റമന്നാദ്യമായി കണ്ടനാൾ
കൈപിടിച്ചെന്നെ നടത്തിയ കൈകളെ
അമ്മക്കിളിതൻ സാന്ത്വനസ്പർശമോ
അമ്മിഞ്ഞപ്പാലിന്റെ മാധുര്യ സ്നേഹമോ
അന്നെനിക്കന്യമായി തോന്നിയ നാളുകൾ
കണ്ണീരിലലിയിച്ചു മായ്ച്ചുകളഞ്ഞതോ
ഓർമ്മതൻ മാറാപ്പു പേറുന്ന ജീവന്
സ്മാരക ശിലകളായ് ഞാൻ മാത്രമെന്നോ
അറിയാത്ത തംബുരു മീട്ടുന്ന ഹൃദയത്തി
ലമരുന്ന തീക്കനൽ മാത്രമോ സ്നേഹം.
കാണുന്ന കാഴ്ച്ചകൾ മിഥ്യയോ മായയോ
കെട്ടിയാടുന്ന നിഴൽ കോലമാകുകയ
അന്തരാത്മാവിനെ തേടുന്ന
ആത്മാക്കളോ അതോ
ഭൂമിതൻ ഭാരമാം ഓർമ്മയോ
അറിയില്ലെനിക്കാരോ വിരൽ മീട്ടും
ആ കൂടിയാട്ടത്തിനന്തസത്തയെ
മറവിൽ നിറംചാർത്തിയാടുന്ന പേക്കോല
മാണെന്റെ ഹൃദയമെന്നാരോ പുലമ്പുന്നു
അറിയില്ല ഞാൻ നെയ്തു തീർക്കുമീ
വലയിൽ സ്വഹൃദയം കുടുങ്ങിക്കിടക്കയോ
ആ സാന്ത്വനത്തിന്റെ മാധുര്യം തേടുവാൻ
അറിയാതെ ഞാനെന്തിനലയുന്നു.
പക്ഷേ.... ഞാനറിയുന്നു എൻ മുന്നിലെന്നോ
സ്വപ്നമാം വാതിൽ പണിത നീയാരെന്ന്
മറക്കാനറിയാത്ത ഓർമ്മയ്ക്ക്
ജീവിതം നൽകുന്ന ഓർമ്മക്കുറിപ്പാണു ഹൃദയം


കാലടി സംസ്കൃത സർവ്വകലാശാല
സംസ്കൃതത്തിലെ മികച്ച വിദ്യാർത്ഥികൾക്ക് നൽകുന്ന
സ്കോളർഷിപ്പിന് അർഹരായ നമ്മുടെ വിദ്യാലയത്തിലെ പ്രതിഭകൾ...
आतिरा. के
देविका. टि. के
അഭിനന്ദനങ്ങൾ
Sanskrit CLUB

# ബാക്കിയായത്

ഹസൻ എം.അൽത്താഫി.

അയാളുടെ ഭാര്യയുടെ അവസാന വാക്കുകൾ ഇങ്ങനെയായിരുന്നു. "ഞാൻ പോയാലും അങ്ങ് സുഖമായി ജീവിക്കണം, മറ്റൊരു വിവാഹംകഴിക്കണം. വിവാഹത്തിന് ശേഷം ഈകത്ത് നിങ്ങൾ അവൾക്ക്നൽകണം.

ഇതൊരിക്കലും നിങ്ങൾ തുറന്നു.വായിക്കരുത്. ഇതൊരു മന്ത്രമെന്നപോലെ അവൾ ഉരുവിട്ടുകൊണ്ടിരുന്നു. ഭാര്യയുടെ മരണാനന്തരം ഏറെക്കാലത്തിന് ശേഷം അദ്ദേഹം മന്സ്സില്ലാ മനസ്സോടെ മറ്റൊരു വിവാഹം കഴിച്ചു. ആദ്യ രാത്രിയിൽ തന്നെഅയാൾ ആ കത്ത് അവൾക്ക് കൈമാറി. പുഞ്ചിരി ളുകിയിരുന്ന മുഖം ഉ പ ട്ട ന്ന് വിള റി വ ളു ത്തുതുടർന്നുള്ള ദിവസങ്ങളിൽ തന്നിൽനിന്നും അവൾ അകലാൻശ്രമിക്കുകയാണെന്ന് അയാൾ മനസ്സിലാക്കി. ഒരുദിവസം അവൾ ആരോടും പറയാതെ ഇറങ്ങിപ്പോയി. ഒരു ദിവസം അമ്മയ്ക്ക്

അയാളുടെ മേശപ്പുറത്ത് നിന്നും ആകത്ത് കിട്ടി. തുടർന്ന് അയാളുടെ അതയുടെ പെരുമാറ്റത്തിലും സംസാരത്തിലും ഒരു വ്യത്യാസം പ്രകടമായിരുന്നു. കത്തി ലെ ന്ത ന്ന റി യാ നുള്ളഅയാളുടെ ജിജ്ഞാസ ഭാര്യയുടെ ഓർമ്മകളിൽ ലയിച്ച് പോയി. എങ്ങനെയെന്നറിയില്ല അയാളുടെ സുഹൃത്തുക്കളും ആ കത്ത് വായിക്കാനിടയായി.അതിന്റെ പ്രത്യാഘാതം വളരെ വലുതായിരുന്നു. അവർ അയാളുമായുള്ളകൂട്ടുകെട്ട് ഉപേക്ഷിച്ചു. തന്നെ കുടുംബത്തിനും സുഹൃത്തുക്കൾക്കും സമൂഹത്തിനും വേണ്ടാത്തവനാക്കിയ ആകത്ത് വായിക്കാൻ അയാൾ തീരുമാനിച്ചു. കയ്യിൽ ആ കത്തുമായി അയാൾഅകലെയുള്ള ഒരു കുന്നിൻ മുകളി ലേക്ക് നടന്നു. അരികിലെ ഒരു പാറപ്പുറത്തിരുന്ന് ഒരു നിമിഷം അയാൾതാഴോട്ട് നോക്കി. തന്റെഭാര്യയുടെഅവസാന വാക്കുകൾ ആലോചിച്ചു.അയാൾ ആ കത്തിന്റെ മടക്കുകൾഓരോ ന്നോ രോ ന്നായി നിവർത്തി.അങ്ങകലെ നിന്നും മലഞ്ച ആകൾക്കിടയിലൂടെ മൂളിപ്പറന്ന് വന്ന കാറ്റു ക ത്തു മായി ദൂരേക്ക് പറന്നകന്നു.......



# മലയാളം ശ്രേഷ്ഠഭാഷാ പദവി നേടുമ്പോൾ നാം ചെയ്യേണ്ടത്

പ്രദീപ് കുമാർ കറ്റോട്

നിരവധി വർഷങ്ങളായി നാംഉന്നയിച്ച ഒരാവശ്യമായിരുന്ന മലയാളത്തിന് ക്ലാസ്സിക്കൽ പദവി ലഭിക്കുക എന്നത്ആആവശ്യംഅംഗീകരിക്കപ്പെടുന്നഈവേളയിൽമലയാളിചെയ്യേണ്ടഅനിവാര്യമായചിലകാര്യങ്ങളുണ്ട്.മാതൃഭാഷാ ബോധം അവബോധവുംതിരിച്ചറിവുമായി മാറേണ്ട സമയമാണിത്.

മലയാള അക്കങ്ങൾ നമുക്ക്ന്യമായി. മലയാള കലണ്ടർ നമുക്ക് ജാതമായി. മലയാള അക്ഷരങ്ങളെങ്കിലും തിരിച്ചുപിടിക്കേണ്ടത് നമ്മുടെ ബാധ്യത്യാവുന്നു. ശാസ്ത്രസാങ്കേതിക വിദ്യയുടെ കടന്നുകയറ്റത്തെ തമിഴൻ പ്രതിറിന് കണിനി എന്നും ലാപ്പോപ്പിന് മടികരോധിച്ചത് നമുക്ക് മുന്നിലുണ്ട്. കമ്പ്യൂട്ട്ണിനി എന്നും തമിഴ് പദങ്ങൾ അവൻസൃഷ്ടിച്ചു. ഉപയോഗിച്ചു. ഭാഷാപദങ്ങൾ നഷ്ടമാവുന്നത് ഭാഷയുടെ മരണലക്ഷണമാണ്. ജീവിതരീതിയിലെ മാറ്റങ്ങൾ ഭാഷയിലും പ്രകടമായി. കാർഷികജീവിതം അന്യമാവുന്നതോടെ എത്ര പദങ്ങളാണ് നമുക്ക് നഷ്ടമായത്, മൂരി,കലപ്പ, ഞാറുനടൽ, ഞാറ്റുവേല, കളപറി, കറ്റ, കൊയ്ത്ത്, മെതി, ഉഴത്ത്, ചാല്കീറൽ തുടങ്ങിയ ഉദാഹരണങ്ങൾമായി നിരവധി.

പുതിയ ശീലങ്ങളുടെ ഭാഗ്യാണ്. ഭയങ്കരം, കഴപ്പമില്ല എന്നീ രണ്ട്പദങ്ങൾ നമ്മുടെ ഉപയോഗത്തിലേക്ക്കയറി വന്നപ്പോൾ ഒരുപാട് പദങ്ങൾ പടിയിറങ്ങി പോയി. ഇന്നലെ ഭയങ്കരമായിമഴപെയ്തു എന്ന് പറയുമ്പോൾ തോനെ,നന്നായി, വലിയ, കൂടുതൽ, ഏറെക്കുറെ, ഒരുപാട്, കനത്ത നല്ല തുടങ്ങിയ പദങ്ങളാണ് മറവിയിലേക്ക് പോകുന്നത്.

കുട്ടികളോട് പരീക്ഷയെകുറിച്ച് ചോദിച്ചാൽ കുഴപ്പമില്ല എന്നാവുംകുട്ടികളോട് പരീക്ഷയെക്കുയോഗം ഒരുപാട് കുഴപ്പങ്ങൾ സൃഷ്ടിമറുപടി. കുഴപ്പമില്ല എന്ന ഭാഷാപ്രനന്ന് മറിയാൽ നന്നായി. സമോശമില്ല. എളുപ്പം, ശരാശരി, വളരെഎളുപ്പം, തോനെ, വളരെ നന്നായിഅൽപംപോലും, കൂടുതൽ തുടങ്ങിപത്തോളം പദങ്ങളാണ് കുഴപ്പത്തിലായത്.

മലയാള അക്ഷരങ്ങൾ നാംഇംഗ്ലീഷിലാക്കി 'മെസ്സേജ്' യ യ് ക്കുമ്പോൾ സംഭവിക്കുന്നത് അക്ഷരങ്ങളുടെ മരണമാണ്, ഭാഷാപദങ്ങളുംഅക്ഷരങ്ങളും ഉപയോഗിച്ചില്ലെങ്കിൽഅവയുടെ സ്വാഭാവികമരണമാണ് സംഭവിക്കുക. മലയാള അക്കങ്ങൾ മരിച്ചത്അങ്ങ നെ യാ ണ്. നാട്ടുമൊഴികളുംഭാഷാഭേദങ്ങളും ഭാഷയുടെ ശക്തിയാണ്. നാട്ടാചാരങ്ങളുംഅനുഷ്ഠാനങ്ങളുംപോയ്മറയുമ്പോൾപദസമ്പത്ത്കൂടിയാണ്കാലയവനികയ്ക്കുള്ളിൽ മറയുന്നത്.

ഭാഷാപദങ്ങളെ സംരംക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. തനിമലയാളം സംസാരിക്കാൻ പരമാവധി ശ്രമിക്കുക. നമ്മുടെ വീടിന്റെ പേര് മലയാളത്തിലും കൂടി ഉണ്ടാവട്ടെ. ബസ്സിന്റെപേര് സ്ഥലനാമങ്ങൾ, പീടികയുടെ പേര് എന്നിവ മലയാളത്തിലാവട്ടെ.നമ്മുടെ കല്യാണം, വീട് കൂടൽ ക്ഷണക്കത്തുകൾ മാതൃഭാഷയിലാവണം.


പൊങ്ങച്ചത്തിന്റെ പേരിൽ നമ്മുടെ ഭാഷ മരിയ്ക്കാതിരിക്കണം.ആഗോളവത്ക്കരണം പ്രാദേശിക ഭാഷ

കളുടെ മരണമണി മുഴക്കിയെന്നത്യാഥാർത്ഥ്യമാണ്. അവിടെയാണ് തമിഴൻ നമുക്ക് മാതൃകയാവേണ്ടത്.

ശ്രേഷ്ഠ ഭാഷാ പദവിയ് ക്വേണ്ടി നാം മുറവിളി കൂട്ടുമ്പോൾ നാംഅതിനർഹരാണെന്ന് തെളിയിക്കേണ്ട
ചുമതല കൂടി നമുക്കുണ്ട്. ഭാഷാഭേദങ്ങൾ നില നിർത്തുന്നതോടൊപ്പം പുതിയ ശാസ്ത്രസാങ്കേതികവിദ്യയി-ലേക്ക് കടന്ന് വരുന്ന അന്യഭാഷാ പദങ്ങൾക്ക് മലയാള പദങ്ങൾ കണ്ടെത്തേണ്ടബാധ്യത കൂടി നാം ഏറ്റെടുക്കണം.ഭാഷാ ഗവേഷണങ്ങൾ അത്തരത്തിലുള്ളവ കൂടിയാവണം, നമ്മുടെ പല മലയാള. സിനിമകളുടെയും പേര് ഇംഗ്ലീഷിലാണ്. ത്രീമെൻ ആർമി, ക്ലാറ്റ്സ്.ഫോർ ദ പീപ്പിൾ, ലൗ ഇൻ സിംഗപ്പോർ,ട്വന്റി ട്വന്റി, സെല്ലുലോയ്ഡ്, ലക്കി സ്റ്റാർ,മേയ്ക്കപ്പ് മാൻ, ട്രിവാൻഡ്രം ലോഡ്ജ്അങ്ങനെ. എത്ര വേണം ഉദാഹരണങ്ങൾ!തമിഴ് സിനിമാ പേര് തമിഴിലാണെങ്കിൽആ പടത്തിന് അവിടെ സർക്കാർനികുതിയിളവ്നൽകുന്നുണ്ട്
.അത്ഇവിടെയുംപരീക്ഷിക്കാവുന്നതാണ്.മലയാളഭാഷാഭരണഭാഷയായി പ്രഖ്യാപിച്ചതും മലയാളം സർവ്വകലാശാല സ്ഥാപിച്ചതും അഭിനന്ദനാർഹമാണ്. സ്കൂളുകളിൽ മാതൃഭാഷാപഠനം നിർബന്ധമാക്കിയതും സ്വാഗതാർഹമായ കാര്യമാണ്.സർക്കാർ ജോലിക്ക് ഇനി മാതൃഭാഷയിലുള്ള അറിവ് നിർബന്ധമാക്കിയത് പ്രശംസനീയം തന്നെ. സർക്കാർ നടപടിക്കൊപ്പം മലയാളിയും ഉയരേണ്ടതുണ്ട്.

ഭാഷയുടെ സജീവതയ്ക്ക് എഴുത്തുകാർ നൽകുന്ന സംഭാവന വളരെവലുതാണ്. പ്രാദേശിക ഭാഷാഭേദങ്ങളുടെ സർഗ്ഗാത്മകമായ ആവിഷ്കാരംമലയാളത്തിൽ നിരവധിയുണ്ട്. ബഷീറിന്റെയും സാറാ ജോസഫിന്റെയും സി.വി.യുടെയും കൃതികൾ ഉദാഹരണം.പുതിയ എഴുത്തുകാരും ഇതിൽനിർണ്ണായക സംഭാവന നൽകുന്നുണ്ട്.ബ്ലോഗിലും നാം കാര്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

മലയാള അക്കങ്ങളും കലണ്ടറും നമുക്ക് തിരിച്ച പിടിക്കണം. മലയാള മാസവും തിയ്യതിയും മറന്നുപോയവരാണ് നാം. ക്രിസ്തുവർഷത്തോടൊപ്പം കൊല്ല വർഷവും തിയ്യതിയുംഉപയോഗിച്ച് തുടങ്ങണം. ക്ലാസ്സുകളിലും വീടുകളിലും നമുക്ക്മലയാളംകലണ്ടർ തൂക്കാം,മലയാള സംസാരവും എഴുത്തും പ്രോത്സാഹിപ്പിക്കപ്പെടണം.മാതൃഭാഷാപഠനം സംസ്കാരപഠനമാവണം. പദവിയിൽ മാത്രമല്ല നമ്മുടെ നടിലും മലയാള ഭാഷ ശ്രേഷ്ഠമാവട്ടെ,കോടതിഭാഷ മാതൃഭാഷയിലാവണം.കോടതിയിൽ പ്രതിയും ആശുപത്രിയിൽ രോഗിക്കും തന്റെ പ്രശ്നങ്ങളുംപ്രയാസങ്ങളും കാര്യങ്ങളും മനസ്സിലാവണം. തന്റെ തെറ്റെന്താണ് എന്നറിയാൻ,വിധിയറിയാൻ, രോഗമെന്തെന്ന് അറിയാൻ, കഴിക്കുന്ന മരുന്നറിയാൻ ഒരുവ്യക്തിക്ക് അവകാശമുണ്ട്. അതിന്അത്തരം കാര്യങ്ങൾ അവന്റെ ഭാഷയിലാവണം. ഭാഷയുടെ പ്രതിരോധത്തിന്മല യാള എ ക്യ വേദി നട ത്തുന്നപ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.
നമ്മുടെ ഭാഷ അമ്മിഞ്ഞപ്പാൽ തന്നെയാണ്. അത് നമ്മുടെ ജീവനാണ് മാതൃഭാഷ തിരസ്കരിക്കുമ്പോൾ നമ്മൾ തന്നെയാണ് നാം തിരസ്കരിക്കുന്നത്. മലയാളം ആവട്ടെ എല്ലാതലത്തിലും.



# ഓർമ്മ

ഫസീന.ഡി

ഒരു നിമിഷത്തിൽ ഞാ
നോർത്തുപോയി
ആ നല്ല നാളുകൾ ഇനി
യുമുണ്ടായിരുന്നെങ്കിൽ....
എന്നിൽ നിന്ന
വൻ മറഞ്ഞുപോയി
വിരിയുന്ന പുലർകാലത്തിനോർമ്മയായി...

ഇനി എൻ മനസ്സിൽ
നിൻ ഓർമ്മകൾ മാത്രം....

# പ്രളയ ബാധിതർക്ക് ഒരു കൈത്താങ്ങ്






# Pigeon of Peace


Ananya .G Divakaran

God placed the lovely earth on his lap
And nourished the life in it
He cared for us to live in peace & happiness
But now oh! war again

It was flowed in to the hearts of
ever loving people
like droplets of evil blood shed
Why this war
Why this distress?



Why this death &
Why this misery?
why this war which brings
destruction And never construction
How can evil be allowed to reign
over peaceful existence
We the peace loving lives which
God created
should not crave for destruction
We should seek the pigeon of
peace back
let the wave of peaceful pearls
wash away the fires of evil
from the shores of God made by mankind
with fearless joy
Let the hearts of people be filled
back the life
of fresh & peaceful
let the pigeon of peace be given
happiness
And let our mankind awaken
Towards love & peaceful glory.


"It is a sin to be silent when it is your duty to protest"
- Abraham Lincoln
"If the deaf are to hear the sound has to be very loud"
- Bhagath Singh
WORLD DEAF DAY
David Blunkett
DIFFERENTLY ABLED PERSONS



# പറയാതെ പടിയിറങ്ങിപ്പോയ ദിനങ്ങൾ

ജിൻഷ.പി

പ്രഭാതത്തിന്റെ മരംകോച്ചുംസയിൽ ഒരു കൊച്ചു സ്വപ്നത്തിന്റെഅകമ്പടിയോടെ ബസിന്റെ മുൻസീറ്റിൽ കട്ടിപ്പുതപ്പിനുള്ളിൽ എല്ലാം മറന്ന് ഞാൻഉറങ്ങുകയാണ്. കൂടെ നിഴൽ പോലെഎന്റെ രണ്ടുകൂട്ടുകാരികളുമുണ്ട്. പട്ടന്ന് ഷറീന ടീച്ചറുടെ ശബ്ദം."എല്ലാവരും എഴുന്നേൽക്കും. നമ്മൾയിരിച്ചെത്തിയിരിക്കുന്നു. ഒരു നിമിഷത്തേക്കെങ്കിലും മനസ്സൊന്ന് കൊതിച്ചുകഴിഞ്ഞ മൂന്നു ദിവസങ്ങൾ ഒരിക്കൽക്കൂടി തിരിച്ചു കിട്ടിയിരുന്നെങ്കിൽ.

പട്ടുകുറ്റൻ ബാഗുകളുമായി വീട്ടിലേക്കുനടക്കുമ്പോഴും കഴിഞ്ഞ ദിവസത്തെഓർമ്മകൾ എന്നെ പിറകോട്ടു വലിക്കുന്നതുപോലെ തോന്നി. ആ ദിവസങ്ങൾഎത്രത്തോളം മനോഹാരിത നിറഞ്ഞതായിരുന്നു. വീട്ടിലെത്തിയ ഞാൻ ഓർമ്മകളിലൂടെ ഒന്നു പിറകോട്ടു നടക്കാൻ തീരുമാനിച്ചു.

സമയം രാത്രി 8 മണി. ഞങ്ങൾക്കുവേണ്ടി കാത്തു നിൽക്കുന്ന രണ്ട് ഉഗ്രൻടൂറിസ്റ്റ് ബസുകൾ. അച്ഛനോടൊപ്പംഅൽപം വൈകിയാണ് ഞാൻ എത്തിയത്ആ രാത്രി ചന്ദ്രപൗർണമി കൊണ്ട്എത്തോളം സുന്ദരിയായിരുന്നോഅതിനേക്കാൾ പതിന്മടങ്ങ് ശോഭയാണ്ഞാൻ എന്റെ കൂട്ടുകാരുടെ മുഖത്തു കണ്ടത്. അതെ എല്ലാവരിലും ഒരിക്കലുംതിരിച്ചറിഞ്ഞു. യാത്ര തുടങ്ങിയപ്പോൾ തന്നെ ആദ്യത്തെ നിരാശ പൺകുട്ടികളുടെ ബസ്സിൽ ഒട്ടും സ്ഥലമില്ല നിങ്ങൾ എണ്ണത്തിൽ കുറവല്ലെ അതുകൊണ്ട് ചെറിയ ബസ് മതി. എന്നാണ് അധ്യാപകരുടെ ന്യായീകരണം. മനസിൽ അറിയാതെ ആൺ പടയോട് ഒരു കുശുമ്പു തോന്നി. പിന്നീട്ബസ്സിനുള്ളിൽ  പാട്ടിന്റെ താളത്തിനിടയിൽ എല്ലാ പരിമിതികളുംമറന്നു ഞങ്ങൾ ഉല്ലസിച്ചു. കൂരാകൂരിരുട്ടിൽ ക്യാമറ ഫ്ളാഷുകൾ മിന്നിമറഞ്ഞുകൊണ്ടിരുന്നു.

അന്ധകാരത്തിന്റെ നൂലിഴകളെ വലിച്ചുകീറികൊണ്ട് പൊൻപുലരിതലയുയർത്തി നിന്നു. അതെ മൈസൂരിലെ എന്റെ ആദ്യത്തെ പ്രഭാതം.മൈസൂർ മരങ്ങൾ തലയാട്ടി ഞങ്ങളെവരവേറ്റു. കിളിക്കൊഞ്ചലും ഇളംകാറ്റുംഞങ്ങൾക്ക് അകമ്പടിയായി.....

ഹോട്ടൽ മുറിയിൽ നിന്ന് ധൃതിയിൽകുളിയും മറ്റും കഴിഞ്ഞ് മൈസൂരിലെപ്രാതലും കഴിച്ച് ഞങ്ങൾ നേരെപോയത് സൂവിലേക്കാണ്. മയിലും മരംകൊത്തിയും മാൻപേടയുമെല്ലാം ഞങ്ങളുടെ മനംകവർന്നു. മൈസൂർ പാലസ്സും ടിപ്പുവിന്റെ ശവകുടീരവും വ്യത്യസ്തദൃശ്യാനുഭവമായിരുന്നു. ജീവിതത്തിലാദ്യമായി ഒരു ക്രൈസ്തവ ദേവാലയത്തിന്റെ അകത്തളങ്ങളിലൂടെ നടക്കാനും അവിടുത്തെ ആചാരങ്ങളെഗ്രഹിക്കാനും അവസരം കിട്ടി. മൈസൂർതന്നെ പടുത്തുയർത്തി. നിറങ്ങളുംഗാർഡൻ മനസ്സിൽ വർണ്ണ വിസ്മയംപൂക്കളും ഇ ല്ലാ യി രു ന്ന വെ ങ്കിൽപ്രകൃതി എത്ര വിരസമാകുമായിരുന്നു.മനസ്സ മന്ത്രിച്ചു. മൈസൂർ ഗാർഡനിലെമസിക് വാട്ടർ ഏറെ കണ്ണഞ്ചിപ്പിക്കുന്നഒന്നായിരുന്നു. ഗാർഡനിലെ ജനത്തിര ക്കിനിടയിൽആൺകുട്ടികളുടെ അകമ ഴി ഞ്ഞ ഞങ്ങൾക്കു  സ ഹ ക ര ണ മാ യി രു ന്നു ഞങ്ങൾക്കു തുണയായത്. മനസ്സിൽഅവരോടെന്തോ ഏറെ ബഹുമാനം  തോന്നി

മൈസൂരിന്റെ നാനാദികാലത്തിച്ചേരുവാൻ ഞങ്ങളെടുത്ത ഒരോ ബസ് യാത്രയും വ്യത്യസ്തത നിറഞ്ഞു നിന്നു. ബസ്സിനുള്ളിൽ യൂനസ് സാറിന്റെ നേതൃത്വത്തിൽ ഒരു തുറന്ന  ചർച്ച തന്നെ അരങ്ങേറി . അവിടെ സ്കൂളും അധ്യാപകരും  യാത്ര അനുഭവങ്ങളുമെല്ലാം സംസാരവിഷയമായി. അത് ഞങ്ങള്ക്കും അധ്യാപകർക്കു

ഇടയിൽ അന്തരം കുറച്ചു . യാത്രയിലെ മനോഹരമായ നിമിഷമായി മാറി.

ജൈന ക്ഷേത്രത്തിലെ പവിത്രതയും പാവന സ്മരണകളും മനസ്സിൽആത്മീയത നിറച്ചു. അവിടെ നിന്ന് പുറത്തിറങ്ങിയപ്പോൾ പുതിയൊരാശയംഉദിച്ചു. അന്താക്ഷരി!!!.

അൽത്താഫ് നയിച്ച ആൺപടയും ലക്ഷ്മി നയിച്ച പെൺപടയും പരസ്പരം പൊരുതി. ഓരോ ടീമും ഒന്നിനൊന്നു മെച്ചം. ഒടുവിൽ അതൊന്നവസാ നി പ്പ ക്കാ ൻ ടീച്ചർ മാ ർ ഏറെ വിയർക്കേണ്ടി വന്നു. ലത്തീഫ് സാറും യുനസ് സാറുംതകർത്താടി എന്നു വേണം പറയാൻ.മൈസൂർ മെരുവുകളിൽ കൂടെ ശബ്ദം ആർത്തിരമ്പികൊണ്ടിരുന്നു..

.ഒരിക്കലും പറഞ്ഞവസാനിപ്പിക്കാനാവാത്ത ഒരുപാട് മാസ്മരിക സ്യതികളും സമ്മാനിച്ച് ആ ദിവസങ്ങൾപടിയിറങ്ങിപ്പോയി. മനസ്സിന്റെ മണിച്ചിത്രത്താലിൽ ഒരു മയിൽപ്പീലിത്തുണ്ടുപോലെ എന്നും ആ ഓർമ്മകൾ തിളങ്ങിഅങ്ങിന്റെ നറുങ്ങുവെട്ടം പോലെ..



# കണ്ണീരിൽ കുതിർന്ന സമ്മാനം

നസൈബ.സി

എന്താ ശ്യാം, ഉറങ്ങാണോ? ശാന്ത ടീച്ചറുടെ ശബ്ദം കേട്ട് ശ്യാം ഞെട്ടിയെഴുന്നേററു.ടീച്ചർ ബോർഡിൽ ധാരാളം ക്രിയകൾ എഴുതി
വെച്ചിട്ടുണ്ട്.ശ്യാമിന്ആകെക്കൂടിഒരമ്പരപ്പ്.അവൻഅടുത്തിരിക്കുന്നഫൈറൂസിനോട് ചോദിച്ചു. "എങ്ങനെയാ ഈ കണക്ക് ചെയ്യാ?'അപ്പോൾ ഫൈറൂസ് ഒരു പരിഹാസച്ചിരിയോടെ പറഞ്ഞു. 'ക്ലാസ്സെടുക്കുമ്പോൾ സ്വപ്നം കണ്ടിരുന്നോ, നിനക്ക് വല്ല ട്യൂഷനും ചേർന്നു കൂടെ', പാവം ശ്യാം, തന്നെ സ്കൂളിലേക്കയക്കാൻ തന്നെതന്റെ അമ്മ കഷ്ടപ്പെടുകയാണ്. പിന്നെയെങ്ങനൊൻ ട്യൂഷന് പോകും. ഫെറൂസും നിഖിലുമൊക്കെ വല്ല്യ വീട്ടിലെ കുട്ട്യോളല്ലേ, അവർക്ക് ട്യൂഷന് പോകാൻ കാശുണ്ടല്ലോ. എന്താ എന്റെ
സങ്കടങ്ങൾ മാത്രം ദൈവം കാണാത്തത്. ഇങ്ങനെ ഒരുപാട് ചിന്തകൾ അവന്റെ മനസ്സിൽ കത്തി പടർന്നു. ടർണീം.. ടർണീം.... ദേശീയ ഗാനത്തിനുള്ള ബെല്ലടിച്ചു. ശാന്ത ടീച്ചർ സാരിയൊക്കെ കുട്ടികൾ വാണം വിട്ട പോലെ ഓടി. എന്നാൽ ശ്യാം പതുക്കെയാണ് നടന്നത്. കാരണം അവൻ ഒന്നു ശരിയാക്കി കുട്ടികളോട് എഴുന്നേൽക്കാൻ വേണ്ടി പറഞ്ഞു. ദേശീയ ഗാനത്തിന് ശേഷം വീണു വല്ലതും പറ്റിയാൽ ആരാണ് അവനെ പരിചരിക്കുക. ആകെയുള്ളത് അവന്റെ അമ്മയാണ്. അമ്മയാണെങ്കിൽ എല്ലാ ദിവസവും ചന്തു മുതലാളിയുടെ വീട്ടിൽ പോയിട്ടാണ് പട്ടിണിയില്ലാതെ തട്ടിയും മുട്ടിയും ജീവിതം മുന്നോട്ട് പോകുന്നത്. ചന്തു മുതലാളി ദുഷ്ടനാണ്. അയാളുടെഭാര്യയാണ് അയാളെ ചീത്തയാക്കുന്നത്. നേരം പുലർന്നത് തൊട്ട് സൂര്യൻ അസ്തമിക്കുന്നത് വരെജോലി ചെയ്താൽ ആകെ അന്നത്തെ അത്താഴത്തിനുള്ളത് കിട്ടും. ചിന്താവിഷ്ടനായി നടന്നപ്പോൾശ്യാം വീട്ടിലെത്താനായത് അറിഞ്ഞില്ല. പെട്ടെന്നാണ് ചീറിപ്പാഞ്ഞു വരുന്ന ഒരു കാർ ശ്യാമിന്റെമുന്നിൽ സഡൺ ബ്രക്ക് ഇട്ടത്. കാറിന്റെ ചില്ല് മാററി ഫെറൂസ് ശ്യാമിനെകൊഞ്ഞനം കുത്തി.ശ്യാം അതൊന്നും കണ്ടില്ല എന്ന ഭാവത്തിൽ വേഗം നടന്നു. മുന്നിൽ വിശാലമായ വയൽ. ആ പാടവരമ്പിലൂടെ പോയാൽ രണ്ടാമത്തെ വീടാണ് ശ്യാമിന്റേത്. ആദ്യത്തെ വീട് അബൂബക്കർ ഹാജിയുടേതാണ്. 'പോക്കരാജി' എന്നാണ് എല്ലാവരും സ്നേഹത്തോടെ വിളിക്കാറ്, അമ്മ ഇടയ്ക്കിടക്ക്പറയാറുണ്ട് അച്ഛനു ണ്ടായിരുന്നപ്പോൾ അച്ഛനായിരുന്നു അവിടുത്തെ കാര്യസ്ഥൻ. ഇപ്പോൾആ വേലായുധനാണ്. ദുഷ്ടൻ! അയാൾ പോക്കരാജിയെ പറ്റിച്ച് ധാരാളം സമ്പത്ത് നേടിയിട്ടുണ്ട്.ശ്യാം വീടെത്തിയതറിഞ്ഞില്ല. അമ്മ ജോലി ക്ഷീണം കാരണം കോലായിൽ തന്നെ കിടക്കുകയാണ്.ശ്യാം അകത്ത് ചെന്ന് അമ്മയ്ക്ക് ചായ ഉണ്ടാക്കി വന്നു. അമ്മ അത് കുടിച്ച് കൊണ്ട് മോനോട്
സക്കൂളിലെ വിശേഷങ്ങളന്വേഷിച്ചു. അമ്മ ചോറുണ്ടാക്കാൻ വേണ്ടി അടുക്കളയിലേക്ക് നടന്നു. അപ്പോഴാണ് ഒരു ഞെട്ടിക്കുന്ന സത്യം ഓർമ്മ വന്നത്. ചോറ് വെക്കാൻ അരിയില്ല. അമ്മ വേഗം പോക്കരാജിയുടെ വീട്ടിൽ ചെന്ന് കുറച്ച് കഞ്ഞി അരി വാങ്ങി വന്നു. അമ്മ കുറച്ച് കഞ്ഞി കുടിച്ച് ബാക്കിയുള്ളത് ശ്യാമിന് കൊടുത്തു. അവന് വയറ് നിറഞ്ഞിട്ടില്ല. എന്നിട്ടും അവൻ വയർ നിറഞ്ഞ പോലെ അഭിനയിച്ചു. അമ്മ കിടക്കാൻ വേണ്ടി പായ നീർത്തുമ്പോൾ പറഞ്ഞു. 'മോനേ നിനക്ക് പത്താം ക്ലാസ്സിൽ നല്ല മാർക്ക് വാങ്ങിയതിന് ഞാൻ ഒന്നും വാങ്ങിത്തന്നിട്ടില്ലല്ലോ', ശ്യാം പതുക്കെപറഞ്ഞു. "ഇല്ല' അപ്പോൾ അമ്മ പറഞ്ഞു 'സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞു, പാവം എന്റെ കുട്ടി ഒരു പരിഭവം പറഞ്ഞീലാലോ, നാളെ അമ്മ എങ്ങനെയെങ്കിലും വാങ്ങി തരാട്ടോ. ശ്യാമിന്റെ മുഖം വിടർന്നു.

അവൻ ചോദിച്ചു. "അമ്മേ അതിനെവിടുന്നാ കാശ്?' അപ്പോൾ അമ്മ പറഞ്ഞു. "ഞാൻ കുറച്ച് ചൂല് കെട്ടി വെച്ചിട്ടുണ്ട്. അത് അങ്ങാടിയിൽ കൊടുത്തിട്ട് ഞാൻ കമ്മൽ വാങ്ങാൻ വെച്ച കാശുകൊണ്ട് ഒരു സൈക്കിൾ വാങ്ങിത്തരാം. അപ്പോൾ ശ്യാം 'അമ്മ അതൊന്നും വേണ്ട, എനിക്ക് ഒന്നുല്ലെങ്കിലും കുഴപ്പല്ല്യ', എന്നാലും ശ്യാമിന്റെയുള്ളിൽ ഒരു സന്തോഷം, +1 ക്ലാസ് തുടങ്ങിയിട്ട് ഒരു മാസം കഴിഞ്ഞു. എല്ലാവരും അമ്മ എന്താ വാങ്ങി തന്നത് എന്ന് ചോദിക്കുമ്പോൾ ഓരോ കളവ് പറയലാണ്. ഇങ്ങനെ ചിന്തിച്ചു കിടക്കുമ്പോൾ ശ്യാം അറിയാതെ ഉറങ്ങിപ്പോയി.

ശാന്ത ടീച്ചർ സ്കെയിലും വലിയ കോമ്പസുമായി ക്ലാസിലേക്ക് വന്നു. കയറിയ ഉടനെത്തന്നെ ചോദിച്ചു. 'എന്താ ശ്യാം മുഖത്തൊരു സന്തോഷം', ടീച്ചർ പറഞ്ഞു മുഴുവനാക്കും മുമ്പേ അവൻ ഒന്നുമില്ലെന്ന് തലയാട്ടി. ക്ലാസ്സ് ശ്രദ്ധിക്കാൻ തോന്നിയില്ല. നാളെ സൈക്കിളിൽ വരുന്നതും ഓർത്ത് അവനങ്ങനെ ചിന്താവി ഷ്ടനായി ഇരുന്നു. എന്താ ഒന്ന് സ്കൂൾ വിടാത്തത്? ദീർഘനേരത്ത കാത്തിരിപ്പിന് ശേഷം സ്കൂൾ വിട്ടു. ശ്യാം ഉത്സാഹത്തോടെ വീട്ടിലേക്ക് നടന്നു. വഴിയിൽ പഴയ കൂട്ടുകാരനെ കണ്ടു. അവനുമായി കുറേ സംസാരിച്ചു. അപ്പോൾ അവൻ പറഞ്ഞു. "ഇപ്പോൾ ഇതിലെ ഒരു ആംബുലൻസ് പോയിരുന്നു.' ശ്യാം അത് കാര്യമാക്കിയില്ല. ഹൈവേ റോഡല്ലേ, ദിവസവും ധാരാളം ആംബുലൻസ് പോകുന്നതാണ്. ചങ്ങാതിയോട് സംസാരിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല. ശ്യാം തനിക്കിന്ന് സൈക്കിൾ വാങ്ങുമെന്ന് ചങ്ങാതിയോട് പറഞ്ഞു. അങ്ങനെ ചങ്ങാതി ഒരു ബസ്സ് വന്നപ്പോൾ അതിൽ കയറി. ശ്യാം വീണ്ടും നടക്കാൻ തുടങ്ങി, നടന്നിട്ടും നടന്നിട്ടും വീട് എത്തു ന്നില്ലല്ലോ?. അവൻ മെയിൻ റോഡിൽ നിന്ന് തന്റെ വീട്ടിലേക്കൊന്ന് നോക്കി. വെളിച്ചം കാണുന്നില്ലല്ലോ. സാധാരണ അമ്മ വന്നാൽ മുററത്ത് വിളക്ക് വെക്കാറുണ്ട്. അവൻ വേഗം വീട്ടിലേക്കോടി. വീട് പൂട്ടിക്കിടക്കുന്നു. അമ്മ ഇന്ന് ചന്തു മുതലാളിയുടെ വീട്ടിൽ പോകു ന്നില്ലെന്നും അങ്ങാടിയിലേക്ക് സൈക്കിൾ വാങ്ങാൻ പോകുമെന്നും പറഞ്ഞ് പറ്റിച്ചോ?. അവൻ ദു:ഖത്തോടെ പോക്കരാജിയുടെ ആമിനതാത്ത പറഞ്ഞു.' ഓൾ രാവിലന്നെ നിനക്ക് സൈക്കിൾ വാങ്ങാൻ പോയതാണല്ലോ. എന്താ കുട്ടേ, ഒളിത് വരെ വന്നീലേ?'. ശ്യാം പറഞ്ഞു. 'ഇല്ല'
ഭാര്യയോട് വിളിച്ചു ചോദിച്ചു. 'താത്ത, അമ്മ എങ്ങോട്ടാ പോയ തെന്ന് അറിയോ?' അപ്പോൾ

കുറച്ച് സമയങ്ങൾക്ക് ശേഷം ധാരാളം ആളുകൾ തന്റെ വീട്ടിലേക്ക് വരുന്നതായി ശ്യാം കണ്ടു. എതോ രണ്ട് പേര് എന്തോ താങ്ങി വരുന്ന പോലെ തോന്നി. അയ്യോ! അവരുടെ കയ്യിലുള്ള സ്ട്രെക്ചറിൽ തന്റെ അമ്മ ബോധരഹിതയായി കിടക്കുന്നു. ശ്യാമിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അവൻ വാവിട്ടു കരഞ്ഞു. അപ്പോൾ കൂട്ടത്തിലൊരാൾ പറഞ്ഞു: 'മോനേ, അമ്മ നിനക്ക് സൈക്കിൾ വാങ്ങാൻ പോകുമ്പോൾ ഒരു ബസ്സ് തട്ടിയതാണ്. കുഴപ്പൊന്നുല്ല്യ എന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. ശ്യാമിന് കരച്ചിൽ നിർത്താനായില്ല. അവൻ "ദൈവമേ, എനിക്ക് ഒരു സൈക്കിളും വേണ്ട, എനിക്കെന്റെ അമ്മയെ ബോധം വന്നു. അമ്മ പോക്കരാജിയോട് പറഞ്ഞു. ' ഇതാ ഈ പൈസ കൊടുത്ത് നിങ്ങൾ മോനൊരു തിരിച്ചുകിട്ടിയാൽ മതി. എന്ന് പറഞ്ഞ് വിതുമ്പി കൊണ്ടിരുന്നു. കുറച്ച് സമയത്തിന് ശേഷം അമ്മക്ക് സൈക്കിൾ വാങ്ങണം, അത് വാങ്ങാതെ ഞാൻ ഒരിററ് വെള്ളം പോലും കുടിക്കില്ല. അമ്മയുടെ ധാരയായി ഒഴുകുന്നുണ്ടായിരുന്നു.
വാക്കുകൾ കേട്ട് അവിടെ നിന്നവരെല്ലാം ഞെട്ടി. ശ്യാമിന്റെ കണ്ണിൽ നിന്ന് അപ്പോഴും കണ്ണുനീർ

# കേരള പിറവി പോസ്റ്റർ പ്രദർശനം



# രുചിയുത്സവം


“എരിവും പുളിയും ഒത്തിരി മധുരവും”
രുചിയുത്സവ് 2K18
2018
NOV 16
Little Steps of Little Chefs
MOTHER PTA - PMSAPTHSS KAKKOVE

# അഭിനന്ദനങ്ങൾ

സംസ്ഥാന സ്കൂൾ സീനിയർ വുഷു ചാമ്പ്യൻഷിപ്പിൽ ആറാം ക്ലാസുകാരിക്ക് ഗോൾഡ്  മെഡൽകോഴിക്കോട് വെച്ച് നടന്ന സംസ്ഥാന സ്കൂൾ വുഷു ചാമ്പ്യൻഷിപ്പിൽ സീനിയർ പെൺകുട്ടികളുടെ

45kg വിഭാഗത്തിൽഹയർസെക്കണ്ടറി വിദ്യാർത്ഥികളോട് മത്സരിച്ച കക്കോവ് PMSAPT ഹയർ സെക്കണ്ടറി സ്കൂളിലെ ആറാംതരത്തിൽ പഠിക്കുന്ന മാളവിക പി

ണ്ശ്രദ്ധേയമായനേട്ടത്തിന്അർഹയായത്.ഭോപാലിൽവെച്ച്നടക്കുന്നദേശീയവുഷുചാമ്പ്യൻഷിപ്പിൽ കേരളത്തിന്

വേണ്ടി മത്സരിക്കാൻ തയ്യാറെടുക്കുന്ന മാളവിക സ്കൂളിലെ PTA പ്രസിഡണ്ട് ശ്രീ പി.കൃഷ്ണന്റെ മകളാണ്.



# കലാലയം

വരുൺ. പി.എൻ

"വിദ്യ'യെന്ന രണ്ടക്ഷരം കുറിച്ചൊരീ അങ്കണം
ഒരിക്കലും മായാത്ത ഓർമ്മയായ് ഇന്നും
കൂട്ടുകാർ ഒത്ത് ഉല്ലസിച്ചൊരാ നാളുകൾ
എല്ലാം ഓർമ്മ മാത്രം.

ഇനി വരില്ലൊരുനാളും ആ കാലം.
ഓർമ്മയിൽ തെളിയുമെൻ ഗുരുനാഥരും
ആദ്യമായ് ഹരിശ്രീ കുറിച്ചതും.
കാലം മാറി ഗുരുക്കളും
അനന്തമീ വിണ്ണിന്ന കീഴിൽ
പല പാർശ്വങ്ങളിലായി, ഇന്നെല്ലാവരും.
ചിലർ യാന്ത്രിക മരീചികകൾ ആയി

ഇന്ന് എന്റെ കലാലയം വെറും തടവറ മാത്രം.
എന്തിനോവേണ്ടി ശപിക്കപ്പെട്ട വിദ്യാർത്ഥികൾ,
ചിലർക്ക് കഞ്ചാവിലും മദ്യത്തിലുമാണ് സുഖം.
മറ്റുചിലർ പ്രേമനൈരാശ്യത്താൽ ജീവനൊടുക്കുന്നു.
മററുചിലർ അവസാനനിശ്വാസത്തിനായ് കാത്തിരിക്കുന്നു
മൊട്ടിട്ട് വിടരുന്ന കൗമാരം ഗുക്കമരത്തിൽ കയറുന്നു.

# ചൂളം

ആതിര.ടി

അകലെ നിന്നും തീവണ്ടിയുടെ ചൂളംവിളി കേൾക്കാമായിരുന്നു. അടുത്തെത്തുന്തോറും അതിന്റെ ശബ്ദം കുമാരേട്ടനെഭ്രാന്തുപിടിപ്പിക്കുമായിരുന്നു. തണുത്തുറഞ്ഞുറ ങ്ങി യ ര ാ വി ന്റെ അ ന്ത്യ യ ാ മ ങ്ങ ളി ൽ മൂടിപ്പുതച്ചുറങ്ങുവാൻ നല്ല സുഖമാണ്. പക്ഷെആകെപ്പാടെ മത്തുപിടിപ്പിക്കുന്ന ഈ നീളൻവണ്ടിയുടെ ചൂളം വിളി ...ഹൊ .അതു വല്ലാത്തൊരു ശല്യം തന്നെ.

അ തി രാവിലെ കടന്നു പോയ ആതീവണ്ടിയെയും നോക്കിക്കൊണ്ട് കുമാരേട്ടൻപിറുപിറുത്തു.
അടുക്കളയിൽ നിന്നും പാത്രങ്ങൾകൂട്ടിമുട്ടുന്ന ശബ്ദം കേട്ടപ്പോഴേ താൻ അൽപം വൈകിയെന്ന് അയാൾക്കു തോന്നി. അയാൾപെട്ടെന്ന് എഴുന്നേറ്റ് മുഖം കഴുകി. പകൽസൂര്യൻ ചൂടു കിരണങ്ങൾ തുപ്പി തുടങ്ങിയനേരത്ത് തോളിലേക്ക് ഒരു തോർത്തുമുണ്ടും വലിച്ചിട്ട് പുറത്ത ക്കിറങ്ങി. എന്നിട്ടുവീടിനകത്തക്ക് നോക്കിക്കൊണ്ട് ഉറക്കെണാൻ ഒരു കൂട്ടര് വരും. പത്തു പത്തരയാവുമ്പോഴേക്കും വല്ലതും ഒരുക്ക്കുമാരേട്ടന്റെ മൂത്ത മകളാണ് വീണ ഏതാണ്ട് സമയം പതിനൊന്നരയായപ്പോഴേക്കുംപറഞ്ഞു. “എടേ ഇന്ന് നമ്മുടെ
വീണയെക്കാരണ്ടുമൂന്നാളുകൾ കുമാരേട്ടന്റെ വീട്ടിലെത്തി.ഇവിടെ ആരുല്ലേ ബാക്കർ തിരക്കി.കുമാരേട്ടൻ പെട്ടെന്ന് പുറത്തിറങ്ങിവന്ന് അവരെപൂമുഖത്തേക്ക് ക്ഷണിച്ചു. അവർക്ക് കസേരകൾഇട്ട് കൊടുത്ത് കുമാരേട്ടൻഅൽപമൊന്ന് മാറിനിന്നു. ബാക്കർ കൂ ടെ യുള്ള യാളെക്ഷണിച്ചുകൊണ്ട് പറഞ്ഞു ഇതാണ് ചെക്കൻ.ഗൾഫിലാ ജോലി. അൽപം ഗമയോടെ തന്നെബാക്കർ പറഞ്ഞു. ആ എന്നാൽ സമയംകളയണ്ട, മോളെ ഞങ്ങളൊന്ന് കാണട്ടെ
അൽപസമയത്തിനുള്ളിൽ വീണ് ചായയുമായി വന്നു. അവർ വീണയുടെ മുഖത്ത്ക്കൊന്ന് സൂക്ഷിച്ചു നോക്കി. കാണാൻ വന്നചെക്കന്റെ മുഖം വല്ലാതെയൊന്ന് ചുളിഞ്ഞു.ബാക്കറും ചെക്കനും എന്തൊക്കെയോ തമ്മിൽ തമ്മിൽ സംസാരിച്ചതിനുശേഷം ബാക്കർകുമാരേട്ടനോടായി പറഞ്ഞു. കുമാരാ നീയൊന്നും വിചാരിക്കരുത് എന്താ എ ന്തു പററി? കു മാരേട്ടൻ അക്ഷമയോടെ ചോദിച്ചു. വീണക്കിപ്പം പത്തിപ്പത് വയസ്സ് കഴിഞ്ഞില്ലേ പിന്നെ കുട്ടിക്ക്സൗന്ദര്യവും കുറവാണ് എന്നാണ് പറയണ്.അതിനാൽ ചെക്കന് കുട്ടിയെ ഇഷ്ടപ്പെട്ടിട്ടില്ല.എ ന്നാ ണ് പറ യ ണ് പിന്ന എ ന്തചോദിച്ചോളു ഇ ള യ കുട്ടിക്ക് അ ൽ പാസൗന്ദര്യമുണ്ടല്ലോ നമുക്ക് ഇതവൾക്കങ്ങ്
ആലോചിച്ചാലോ?... ബാക്കി കാര്യംവിശദീകരിച്ചു.ഇത് കേട്ട് കൊണ്ട് നിന്ന വീണയുടെകണ്ണിൽ വെള്ളം നിറഞ്ഞു. അവൾ സാരിതുമ്പുകൊണ്ട് മുഖം പൊത്തി ഉള്ളിലേക്കോടി.അ വ ൾ ക്ക് സങ്കടം താങ്ങാവു ന്ന തിലമപ്പുറമായിരുന്നു.
ന്റെ മോൾക്ക് വല്ലാത്ത സങ്കടായിട്ടോ?...അവളുടെ മുമ്പിൽ വെച്ചുതന്ന വേണായിരുന്നാഅനിയത്തിക്കുള്ള ആലോചന..... ഇത്രയുംകട്ട സപ്പോ 3 9 ക്കം ചെ ക്ക നും കൂട്ടരുംയാത്രപറഞ്ഞിരുന്നു. കുമാരേട്ടൻ എന്താ ആലോചിച്ചങ്ങനെ ചാരുകസേരയിൽ ഇരുന്നു.അകത്ത് വീണയുടെ കരച്ചിൽ കേൾക്കാമായിരുന്നു. അവളുടെ ശബ്ദം ആ വീടിന്റെഓരോ മൂലയും അറിയുന്നതുപോലെ അയാൾക്കുതോന്നി, 'ദൈവം എനിക്ക് സൗന്ദര്യം തന്നില്ല
സൗന്ദര്യം കിട്ടുന്നതൊക്കെ ഒരു ഭാഗ്യാ......',അതില്ലാന്നുവച്ച് ഞാനായിട്ടെന്തിനാ രജനിയുടെപ്പിച്ചതുപോലെ എഴുന്നേററ് വന്ന അച്ഛന്റെകല്ല്യാണം മുടക്കുന്നത് ?വീണ എന്തോ മനസിലുംമുമ്പിൽ പോയിരുന്നു. എന്നിട്ട് ചോദിച്ചു.

അച്ഛനെന്താ ആലോചിക്കണ ത്ഏയ് ഒന്നുല്യാ......... കുമാരേട്ടൻ മറുപടിപറഞ്ഞു. എന്റെ
ര്യംആലോചിച്ചിട്ടാണ്
അച്ഛൻ വിഷമിക്കുന്നതല്ലേ?. അവൾ ചോദിച്ചു.കുമാരേട്ടൻ ഒന്നും മിണ്ടിയില്ല. എന്റെ കാര്യംആലോചിച്ച്
ഇനി അച്ഛന് ഒരിക്കലുംദു:ഖിക്കേണ്ടി വരില്ല.. നമുക്ക് രജനിയുടെകല്ല്യാണം നടത്തിയാലോ. നല്ല ചെക്കനാ
ഇന്ന്
ദു:ഖമാവും കുമാരേട്ടൻ എതിർത്തു. ഇല്ലചര്ഹാ.വിവാഹത്തിനെപററി ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു. അത്
പണ്ട്. ഇപ്പോ അതൊക്കെ മാറി.രജനിയുടെ ജീവിതം ഞാനായിട്ട് മുടക്കണോ?നാളെ
അച്ഛൻവരോട്കാര്യങ്ങൾപറയണം അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു.പിറേറ ന്ന് അ യ ാ ൾ അ ങ്ങ നെ
ചെ യ് തു.വിവാഹത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായിനടക്കുന്നുണ്ട്. ഒന്നിനും ഒരു കുറവുമില്ലാതെരജനിയുടെ
മനസ്സ് ഓരോ സ്വപ്നങ്ങൾ നെയ്തുകൂട്ടുമ്പോഴും വീണയുടെ സ്വപ്നങ്ങളൊന്നുംതന്നെ
പൂവണിഞ്ഞിട്ടില്ലായിരുന്നു.രാത്രിയേറെ കഴിഞ്ഞിട്ടും വീണയ്ക്ക്ഉറക്കം വന്നില്ല. അവൾ തിരിഞ്ഞും
മറിഞ്ഞുംകിടന്നു. എന്തോ മനസ്സിന് വല്ലാത്ത ഒരുഅസ്വാസ്ഥ്യം പോലെ. അവൾ ഓരോന്ന്
ആലോചിക്കുകയാണ്. അവൾ പതുക്കെ കിടക്കയിൽനിന്നെഴുന്നേററു. എല്ലായിടത്തും ശാന്തം.

കിടന്ന അ ച് എ ന്റെതോർത്തെടുത്ത് അവൾ ചുംബിച്ചു. അവളുടെകണ്ണു കൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.
അതൊരു തേങ്ങലായി അവളിൽ അവശേഷിച്ചു.തന്നെയിതുവരെ വളർത്തിയ അച്ഛന്റെ ഓർമക്ക്ഒരു
തോർത്തെങ്കിലും.........അതും കൈയിൽ പിടിച്ച് അവളങ്ങനെനടന്നു. ഇടക്ക് അവൾ പിന്നിലേക്ക് നോക്കു
ന്നുണ്ടായിരുന്നു. ആരെങ്കിലും പിന്തുടരുന്നുണ്ടോ എന്നവൾ ഭയന്നു. അവൾ വയൽ വരമ്പിലൂടെ വേഗം നടന്നു
നീങ്ങി.അകലെ നിന്ന് തന്നെ വീണ്ടും ഒരു ചൂളംവിളി ഉ യ ർ ന്നു ക ൾ ക്കാ മാ യി രു
ന്നു.പരിസരത്താരുമില്ലെന്ന് അവൾ ഉറപ്പുവരുത്തിഅവൾ തന്റെ കഴുത്ത് കൃത്യമായി പാളത്തിൽവരത്തക്ക
വിധം കിടന്നു. ആ തീവണ്ടിയുടെ
ശബ്ദം ഒരലർച്ചയോടെ അവളുടെ അടുത്തെത്തി.അവൾ ശ്വാസം അടക്കിപ്പിടിച്ചിരുന്നു.തീവണ്ടിയുടെ ആ
അലർച്ച ഒരു ആർത്തശല്യമായ ആ ചൂളം വിളി പിന്നെയാം പിന്നെയുംനാദം പോലെയവശേഷിച്ചു.
എല്ലാവർക്കും
അകന്നുപോയികൊണ്ടിരുന്നു.



# GAME OVER

ജസീം, പി.പി

അന്ന നീയെനിക്കൊരു Black berry ആയിരുന്നു.
പിന്നീടാണറിഞ്ഞത് നീയൊരു 1100 ആണെന്ന്
ശേഷം Offer കളുടെ പെരുമഴയായിരുന്നു.
എല്ലാ Offer കളും ഞാൻ Activate ചെയ്തു.




Contact List ൽ ആദ്യം നീ;
Desktop ലും നീ തന്നെ വേണം.
Password ഉം നീ തന്നെയാവണം.
Inbox ലും നീ തന്നെ താരം.
Ring tone 20 Alert tone 20
നിൻ പ്രകീർത്തനങ്ങൾ മാത്രം.
വെറുതെ ഞാനിരുന്നപ്പോൾ
Screen Saver ആയതും നീ.

ഞാൻ കളിച്ചത് Princess of Persia അല്ലായിരുന്നു.
Princess of my mind ആയിരുന്നു.
Princess of my mind colo2m).
നിധിതേടിയലഞ്ഞ ഞാനൊടുവിൽ കണ്ടെത്
GAME OVER

“നീ തെളിയിച്ചു നീ നല്ല Player ആണെന്ന്.
ഞാനും തെളിയിച്ചു ഞാൻ നല്ല Tester ആണെന്ന്.
New game, load ചെയ്തു ഞാൻ കണ്ടത് “Battery low."
ഒടുവിൽ ജീവനെടുത്തത് Switch off എന്ന Danger Siren ഉ
എങ്കിലും ഈ Password കൾക്കിടയിൽ നിന്ന
വളെ ഞാൻ Out of coverage ലേക്ക് വിട്ടില്ലെങ്കിൽ???

# MOTIVATION CLASS





# ISRO

## സംഘടിപ്പിക്കുന്ന  ചിത്രരചനാ മത്സരം



# വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും







HSS KAKKOVE
19


PMSAPTHSS
PMSAPT HSS KAKKOVE
53-ാം
19
A.C.M


പി.എം.എസ്.എ.പി.ടി ഹയർസെക്കന്ററി
സ്കൂൾ, കക്കോവ്
53-ാം വാർഷികാഘോഷവും
യാത്രയയപ്പ് സമ്മേളനവും
2019 ജനുവരി 19 ശനി 9AM TO 5.30PM
വിരമിക്കുന്ന
അദ്ധ്യാപകർ
P.K.C. അബ്ദുറഹിമാൻ
(ഹെഡ്മാസ്റ്റർ)
പി തങ്കം ടീച്ചർ
ഉദ്ഘാടനം
ഇ.ടി.മുഹമ്മദ് ബഷീർ എം.പി
സാന്നിദ്ധ്യം
ടി.വി. ഇബ്രാഹിം എം.എൽ.എ
വിമല പാറക്കണ്ടത്തിൽ
പി.ആർ. രോഹിൽനാഥ്
ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ
തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്നു
വിദ്യാഭ്യാസ സമ്മേളനം
യാത്രയയപ്പ് സമ്മേളനം
വിദ്യാർത്ഥികളുടെ കലാപരിപാടികൾ
മെഗാഷോ
ഏവർക്കും സ്വാഗതം
സ്വാഗതസംഘം

# school sports






# scout and guide








# കുട്ടികളുടെ സൃഷ്ടികൾ




***SNEHA ARAWIND P.K***




***HRIDYA M.K***



***DIGITAL PAINT***

***SALMAN FARIS .K***



***DIGITAL PAINT***

***SALMAN FARIS .K***

# ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്



# നന്ദി